ക്ലാസ്സ് :7 യുണിറ്റ് :3 ഭരണഘടന: വഴിയും വഴികാട്ടിയും
തീയതി : പിരീഡ് :12

## പഠന ലക്ഷ്യങ്ങൾ

- ഇന്ത്യൻ ഭരണഘടനയുടെ രൂപീകരണത്തിൽ ദേശീയ പ്രസ്ഥാനം 1935ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് എന്നിവയുടെ സ്വാധീനം തിരിച്ചറിയുന്നതിനും ഭരണഘടനയുടെ സവിശേഷതകൾ മനസ്സിലാക്കുന്നതിനും
- ഭരണഘടന കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത, പ്രധാന ഭേദഗതികൾ എന്നിവയെക്കുറിച്ച് അറിവ് ആർജിക്കുന്നതിനും ഭരണഘടന ജൈവസ്വഭാവം ഉള്ളതാണെന്ന് തിരിച്ചറിയുന്നതിനും.

## ആശയങ്ങൾ/ ധാരണകൾ

- ഇന്ത്യൻ ഭരണഘടന: സ്വാതന്ത്ര്യ സമരത്തിന്റെ ഉല്പന്നം.
- മതേതരത്വം, സ്വാതന്ത്ര്യം,സമത്വം, സാഹോദര്യം
- 1935ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട്.
- ഭരണഘടനയുടെ ആവശ്യകത, ഭരണഘടന നിർമ്മാണ സഭ - അടിസ്ഥാന സവിശേഷതകൾ
- ഭരണഘടന: നിയമത്തിന്റെ ഉറവിടം
- ഭരണഘടനാ ഭേദഗതികൾ

## പഠനശേഷികൾ

- താരതമ്യപഠനം
- വിവരങ്ങൾ വിശകലനം ചെയ്യൽ
- നിഗമനങ്ങൾ രൂപപ്പെടുത്തൽ
- നിലപാട് സ്വീകരിക്കൽ

## പഠനസാമഗ്രികൾ

- പാഠപുസ്തകം
- വായനാസാമഗ്രികൾ
- ചിത്രങ്ങൾ
- ഐസിടി വീഡിയോ
- ഇന്ത്യൻ ഭരണഘടന റഫറൻസ് ഗ്രന്ഥങ്ങൾ
- ജിഗ്സോ പസ്സിൽ
- ലഘുലേഖ നിർമ്മാണത്തിന് ആവശ്യമായ സാമഗ്രികൾ
- പ്ലക്കാർഡ് നിർമാണ സാമഗ്രികൾ

## മൂല്യങ്ങൾ/ മനോഭാവങ്ങൾ

- ഭരണഘടനയിൽ ഉൾച്ചേർന്നിരിക്കുന്ന മൂല്യങ്ങൾ സംരക്ഷിക്കപ്പെടേണ്ട താണെന്നും കാലാനുസൃതമായി പരിഷ്കരിക്കുന്ന നിയമങ്ങൾ ഉൾക്കൊണ്ടും അനുസരിച്ചുമാണ് മുന്നോട്ടുപോകേണ്ടതെന്നുമുള്ള മനോഭാവം.

| പഠനപ്രക്രിയ | വിലയിരുത്തൽ |
|---|---|
| നിയമങ്ങളുമായി ബന്ധപ്പെട്ട (റോഡ് നിയമം, സൈബർ സുരക്ഷാ നിയമം,ഭക്ഷ്യ സുരക്ഷാ നിയമം,വനം വന്യജീവി സംരക്ഷണ നിയമം, പരിസ്ഥിതി സംരക്ഷണ നിയമം) പത്രവാർത്തകൾ/ സ്ലിപ്പുകൾ വ്യക്തിഗതമായി വിതരണം ചെയ്യുന്നു. | |

തലക്കെട്ട് /പത്രവാർത്ത വായിച്ച് അത് ഏതു നിയമവുമായി ബന്ധപ്പെട്ടതാണെന്ന് തിരിച്ചറിഞ്ഞ് ക്ലാസിലെ വ്യത്യസ്ത മൂലകളിൽ പതിച്ചുള്ള ചാർട്ടിൽ ഒട്ടിക്കുന്നു.

തുടർന്ന് ഗ്രൂപ്പുകളായി തിരിഞ്ഞ് ബന്ധപ്പെട്ട നിയമത്തിന്റെ പേര് തലക്കെട്ടായി എഴുതിച്ചേർത്ത് ചുമർപത്രിക തയ്യാറാക്കുന്നു.

വൈവിധ്യങ്ങളുടെ നാടാണ് നമ്മുടെ രാജ്യം രാജ്യത്തെ ജനങ്ങൾ തമ്മിൽ വൈവിധ്യങ്ങൾ ഏറെയുണ്ട്. ഏതെല്ലാം കാര്യങ്ങളിലാണ് വൈവിധ്യം നിലനിൽക്കുന്നത് പറയാമോ?

ഗ്രൂപ്പ് ചർച്ച

അവതരണം

ക്രോഡീകരണം

വൈവിധ്യങ്ങൾ നിലനിൽക്കുന്ന നമ്മുടെ രാജ്യത്തെ ചില നിയമങ്ങളാണ് നിങ്ങൾ പരിചയപ്പെട്ടത്.

എന്താണ് നിയമങ്ങൾ?

എന്തിനാണ് നിയമങ്ങൾ?

ഈ നിയമങ്ങളെല്ലാം നിർമ്മിക്കപ്പെട്ടിരിക്കുന്നത് രാജ്യത്തെ പരമോന്നതമായ ഒരു നിയമസംഹിതയ്ക്ക് വിധേയമായിട്ടാണ്

ഏതാണ് ആ പരമോന്നത നിയമസംഹിത?

ആ നിയമസഹിതയുടെ പ്രാധാന്യം എന്ത്?

ചർച്ചാ സൂചകങ്ങൾ

കണ്ടെത്തലുകൾ അവതരണം

ക്രോഡീകരണം

പ്രവർത്തനം 2

കുട്ടികളെ 4 ഗ്രൂപ്പുകളായി തിരിച്ചശേഷം ഓരോ ഗ്രൂപ്പുകൾക്കും ദണ്ഡിയാത്ര, ജാലിയൻവാലാബാഗ്, ക്വിറ്റ് ഇന്ത്യാ സമരം, ഒന്നാം സ്വാതന്ത്ര്യ സമരം എന്നീ സംഭവങ്ങളുടെ ചിത്രങ്ങളും സൂചനകളും നൽകുന്നു.

ചരിത്ര സംഭവങ്ങളെക്കുറിച്ച് കുട്ടികളുടെ അവതരണം

സ്ലൈഡ് പ്രസന്റേഷൻ.

ഇന്ത്യൻ ഭരണഘടന എങ്ങനെ ആയിരിക്കണം എന്നാണ് ഗാന്ധിജി ആഗ്രഹിച്ചത്? അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കൂ വീഡിയോ പ്രദർശനം

ടി.ബി.യിൽ നൽകിയിട്ടുള്ള ഗാന്ധിജിയുടെ ഉദ്ധരണി വായന.

ഇന്ത്യയുടെ ഭരണഘടനയിൽ എന്തെല്ലാം ആശയങ്ങൾ ഉണ്ടാകണമെന്നാണ് മഹാത്മജി ആഗ്രഹിച്ചത്?

പട്ടിക പൂർത്തിയാക്കൂ

| | |
|---|---|
| ഭരണഘടന സ്വാതന്ത്ര്യ സമര സേനാനികളുടെ സ്വപ്നം<br>പേജ് 40 വായന<br>ടീച്ചർ ടെക്സ്റ്റ് പേജ് 34 ലെ വർക്ക് ഷീറ്റ് വിതരണം<br>പൂർത്തിയാക്കൽ<br>അവതരണം.<br>കുട്ടികളെ 3 ഗ്രൂപ്പുകളാക്കുന്നു.<br>1857 ലെ ഒന്നാം സ്വാതന്ത്ര്യസമരം, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ രൂപീകരണം, ഗാന്ധിജിയുടെ ആഗമനം എന്നീ ആശയപടം പൂർത്തിയാക്കൽ.<br>അവതരണം<br>കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച ശേഷം ഭരണഘടനയുടെ ആമുഖം നൽകുന്നു.<br>ടി ബി പേജ് 41 ലെ ചിത്രത്തിൽ ഉള്ള ഏതെല്ലാം ആശയങ്ങൾ ഭരണഘടനയുടെ ആമുഖത്തിൽ ഉൾപ്പെട്ടിട്ടുണ്ട്?<br>കണ്ടെത്തലുകൾ പട്ടികപ്പെടുത്തി അവതരിപ്പിക്കൽ<br>ഇന്ത്യൻ സ്വാതന്ത്ര്യ സമരമാണ് നമ്മുടെ ഭരണഘടനയുടെ അടിത്തറയായി മാറിയത്.<br>വിലയിരുത്തുക<br>ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടുമായി ബന്ധപ്പെട്ട അധിക വിവരങ്ങൾ ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തി പ്രദർശിപ്പിക്കുന്നു.<br>ചർച്ച<br>ടി ബി പേജ് 42 വായന<br>ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടിന്റെ(1935) സവിശേഷതകൾ കണ്ടെത്തൂ...<br>കണ്ടെത്തൽ<br>അവതരണം.<br>ഏതൊക്കെ ആശയങ്ങളാണ് 1935ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് ഇന്ത്യൻ ഭരണഘടനയ്ക്ക് സംഭാവന ചെയ്തിട്ടുള്ളത്?<br>ക്രോഡീകരണം<br>ദേശീയ പ്രസ്ഥാനത്തിന്റെ സ്വാധീനം,1935ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് തുടങ്ങിയവയ്ക്ക് പുറമേ ക്യാബിനറ്റ് മിഷന്റെ പ്രവർത്തനങ്ങളും ഇന്ത്യൻ ഭരണഘടനയുടെ രൂപീകരണത്തിൽ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്.<br>ഭരണഘടനാനിർമ്മാണസഭ :സവിശേഷതകൾ<br>ടി. ബി. പേജ് 43 ആശയപടം വായന<br>ഇന്ത്യൻ ഭരണഘടനാ നിർമ്മാണ സഭയുടെ സവിശേഷതകളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കൽ<br>ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന സവിശേഷതകൾ | |

| | |
|---|---|
| കുട്ടികളെ അഞ്ചു ഗ്രൂപ്പുകളായി തിരിക്കുന്നു.ഓരോ ഗ്രൂപ്പിനും രണ്ട് സവിശേഷതകൾ വീതം നൽകുന്നു.<br>ടീച്ചർ ടെക്സ്റ്റിൽ നിന്നും അധികവായനക്കായി മെറ്റീരിയൽ നൽകുന്നു.<br>അധിക വിവരങ്ങൾ ഐസിടി സാധ്യത ഉപയോഗിച്ച് പ്രദർശിപ്പിക്കുന്നു.<br>ഗ്രൂപ്പുകൾ തയ്യാറാക്കിയ വിവരങ്ങളുടെ അവതരണം<br>ചർച്ച<br>എല്ലാ സവിശേഷതകളും ഉൾപ്പെടുത്തി ഒരു സെമിനാർ റിപ്പോർട്ട് തയ്യാറാക്കുന്നു. അവതരണം<br>ടി. ബി. പേജ് 45 ചെക്ക് ലിസ്റ്റ് പൂർത്തിയാക്കുന്നു.<br>പ്രവർത്തനക്കാർഡ് -1 വിതരണം ചെയ്യുന്നു.<br>പൂർത്തിയാക്കൽ<br>നിയമങ്ങളുടെ ഉറവിടം<br>ടി. ബി. പേജ് 46 ലെ കൊളാഷിൽ നൽകിയിട്ടുള്ള എല്ലാ നിയമങ്ങളുടെയും സ്ലൈഡ് പ്രസന്റേഷൻ<br>ഈ നിയമങ്ങളിൽ കുട്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ടവ ഏതൊക്കെയാണെന്ന് പട്ടികപ്പെടുത്തുക.<br>ബാലവേല നിരോധന നിയമം<br>ബാലനീതി നിയമം<br>വിദ്യാഭ്യാസ അവകാശ നിയമം<br>കുട്ടികളുടെ അവകാശങ്ങൾക്ക് നമ്മുടെ രാജ്യം വലിയ പ്രാധാന്യം നൽകുന്നത് എന്തുകൊണ്ടായിരിക്കാം?<br>ചർച്ച<br>ചർച്ച സൂചകങ്ങൾ<br>രാജ്യത്തിന്റെ ഭാവി കുട്ടികളുടെ കൈകളിലാണ്,<br>കുട്ടികളുടെ സമഗ്ര വികസനത്തിലൂടെ മാത്രമേ രാഷ്ട്രത്തിന് പുരോഗതി സാധ്യമാകൂ<br>കുട്ടികൾ നേരിടുന്ന വിവിധ ചൂഷണങ്ങളുമായി ബന്ധപ്പെട്ട പത്രവാർത്തകൾ പ്രദർശിപ്പിക്കുന്നു.<br>എന്താണ് ഈ വാർത്തകളിൽ നിന്നും മനസ്സിലാകുന്നത്?<br>വാർത്തയ്ക്ക് വേണ്ടി വാർത്ത ഉണ്ടാക്കിയതാണോ?<br>എന്താണ് ബാല ലൈംഗിക പീഡനം?<br>മുതിർന്ന ഒരു വ്യക്തി തന്നെക്കാൾ പ്രായം കുറഞ്ഞ കുട്ടിയെ ലൈംഗിക ഇച്ഛ യോടു കൂടി നോക്കുകയോ, സ്പർശിക്കുകയോ സംസാരിക്കുകയോ കുട്ടിയുമായി ലൈംഗിക വേഴ്ചയിൽ ഏർപ്പെടുകയോ ചെയ്യുന്നതാണ് ബാല ലൈംഗിക പീഡനം | |

| | |
|---|---|
| ബാലലൈംഗിക പീഡനത്തിന്റെ പരിധിയിൽ വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെ?<br>ചർച്ച<br>❖ ജനനേന്ദ്രിയങ്ങൾ സ്പർശിക്കുക, തലോടുക ലൈംഗികാവയവങ്ങൾ പ്രദർശിപ്പിക്കാൻ ആവശ്യപ്പെടുക.<br>❖ മുതിർന്ന വ്യക്തിയുടെ ജനനേന്ദ്രിയഭാഗങ്ങൾ തലോടാൻ ആവശ്യപ്പെടുക.<br>❖ ജനനേന്ദ്രിയഭാഗങ്ങൾ കുട്ടിയുടെ ദേഹത്ത് ഉരസുക.<br>❖ ലൈംഗിക ചുവയോടെ ചുംബിക്കുക,കെട്ടിപ്പിടിക്കുക<br>❖ അശ്ലീല ചിത്രങ്ങൾ, സിനിമ എന്നിവ കുട്ടിയെ കാണിക്കുക.<br>❖ കുട്ടിയുമായി ബലം പ്രയോഗിച്ചോ അല്ലാതെയോ ലൈംഗിക വേഴ്ചയിൽ ഏർപ്പെടുക<br>എന്താണ് പോക്സോ നിയമം?<br>പേജ് 47 വായന<br>ലൈംഗിക ആക്രമണം, ലൈംഗിക പീഡനം, അശ്ലീലത തുടങ്ങിയ കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനും അങ്ങനെയുള്ള കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്കു വേണ്ടി സ്പെഷൽ കോടതികൾ സ്ഥാപിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അല്ലെങ്കിൽ അനുഷാംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടിയുള്ള ഒരു നിയമം<br>2022 ലെ ബാലവകാശ കമ്മീഷന്റെ റിപ്പോർട്ട്( 2013 മുതൽ 2022 വരെ ലൈംഗിക ചൂഷണത്തിന് ഇരയായ കുട്ടികളുടെ എണ്ണം സൂചിപ്പിക്കുന്ന ഗ്രാഫ്) പ്രദർശിപ്പിക്കുന്നു<br>ഈ പട്ടികയിൽ നിന്ന് എന്താണ് മനസ്സിലാകുന്നത്?<br>ഓരോ വർഷവും കുട്ടികൾക്കു നേരെയുള്ളലൈംഗിക അതിക്രമങ്ങൾ വർധിച്ചുവരുന്നതായി കാണാൻ കഴിയും.<br>ഇത്തരം ചൂഷണങ്ങളെക്കുറിച്ച് നമ്മൾ ബോധവാന്മാരാകേണ്ടതുണ്ട്.<br>ലൈംഗിക പീഡനം 2 തരത്തിൽ<br>a) ചെറിയതോതിലുള്ള ലൈംഗിക പീഡനം (Soft spectrum ) സ്പർശനം, തലോടൽ, ചുംബനം, ലൈംഗിക ചുവയുള്ള കളിയാക്കൽ<br>b)കൂടുതൽ ഗൗരവമുള്ള രീതിയിലുള്ള പീഡനം(Hard spectrum ) | |

| | |
|---|---|
| ലൈംഗിക ബന്ധത്തിൽ ഏർപ്പെടുക, പ്രകൃതിവിരുദ്ധ ലൈംഗിക പ്രവർത്തികൾക്ക് പ്രേരിപ്പിക്കുക<br>Safe touch, Secret touch തിരിച്ചറിയേണ്ടതുണ്ട്.<br>എന്താണ് Safe touch /Good touch<br>അമ്മ കുട്ടിയെ ഉമ്മ വയ്ക്കുമ്പോഴും കെട്ടിപ്പിടിക്കുമ്പോഴും കുട്ടി അമ്മയെ ഉമ്മ വെയ്ക്കുമ്പോഴും കെട്ടിപ്പിടിക്കുമ്പോഴും കുട്ടിക്ക് അനുഭവപ്പെടുന്ന സന്തോഷത്തിനും സുരക്ഷിതത്വ ബോധത്തിനും സ്നേഹത്തിനും സമാനമായ സ്പർശനം<br>ഉദാ :പുറത്ത് തട്ടുക, തലയിൽ വിരലോടിക്കൽ<br>എന്താണ് Unsafe touch /Secret touch<br>വേദനയും അസ്വസ്ഥതയും അവ്യക്തതയും ഉണ്ടാക്കുന്ന സ്പർശനം.<br>നാം ചീത്ത സ്പർശനം വസ്ത്രം കൊണ്ട് മറക്കുന്ന ഭാഗത്ത് തൊടുകയോ തലോടുകയോ ചെയ്യുന്നതാണ്<br>നിങ്ങളുടെ ഒരു കുടുംബ സുഹൃത്ത്,സ്കൂൾ വിട്ടപ്പോൾ നിങ്ങൾക്ക് ബൈക്കിൽ ഒരു ലിഫ്റ്റ് തരാമെന്ന് പറയുന്നു. പക്ഷേ നിങ്ങൾക്ക് അയാളെ അത്ര മതിപ്പില്ല. മാത്രവുമല്ല മുമ്പേ അയാളുടെ സാമീപ്യം വളരെ അരോചകവും അസഹ്യവുമായി നിങ്ങൾക്ക് തോന്നിയിട്ടുണ്ട്. വീണ്ടും അയാൾ നിങ്ങളെ ക്ഷണിക്കുകയാണ്. നിങ്ങൾ എന്തു ചെയ്യും?<br>നിങ്ങളുടെ പ്രതികരണം എങ്ങനെയായിരിക്കും?<br>അടി എല്ലാറ്റിനും പരിഹാരമാണോ?<br>5 വയസ്സുള്ള കുട്ടിക്ക് 50 വയസ്സുള്ള ആളെ അടിച്ച് രക്ഷപ്പെടാൻ കഴിയുമോ?<br>ക്രോഡീകരണം<br>തീരുമാനങ്ങൾ എടുക്കാതെ മുന്നോട്ടുപോകാൻ കഴിയാത്ത സന്ദർഭങ്ങൾ നിത്യജീവിതത്തിൽ അനവധി ഉണ്ടാകും. നമ്മുടെ ജീവിതം കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് തീരുമാനമെടുക്കൽ സഹായിക്കുന്നു. എന്തെങ്കിലും തീരുമാനങ്ങൾ എടുത്താൽ മുന്നോട്ടുപോകാൻ ആവില്ല.ഉചിതമായ സമയത്ത് ഉചിതമായ തീരുമാനമെടുക്കാൻ നമുക്ക് കഴിയണം. ഉചിതമായ തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കുമ്പോഴാണ് പ്രശ്നം പരിഹരിക്കപ്പെടുന്നത്.<br>എങ്കിൽ ഇങ്ങനെയൊരു സന്ദർഭത്തിൽ എങ്ങനെയെല്ലാം പ്രതികരിക്കാം?<br>➢ ചിരിച്ചുകൊണ്ട് മൃദുവായി വിനയത്തോടെ No എന്നു പറയാം. | |

| | |
|---|---|
| ➢ ചിരിക്കാതെ ദൃഢമായി No എന്നു പറയാം<br>➢ No പറയാനുള്ള കാരണം പറയാം.<br>➢ ബദൽ പ്രവർത്തനം നിർദ്ദേശിക്കാം.<br>➢ നിങ്ങളുടെ വികാരങ്ങൾ (ചിന്തകൾ) തുറന്നു പറയാം.<br>➢ കണ്ണുകളിൽ തറപ്പിച്ചു നോക്കി തന്റേടത്തോടെ കഠിനമായി No എന്ന് പറയാം<br>➢ തിരിഞ്ഞു നടന്നു പോകാം<br>➢ അവരെ ഒഴിവാക്കാം<br>➢ ആ സാഹചര്യം തന്നെ സൃഷ്ടിക്കാതിരിക്കാം.<br>➢ മറ്റുള്ളവരുടെ സഹായം സഹകരണങ്ങൾ ഉറപ്പുവരുത്താം.<br>പറയേണ്ടിടത്ത് No പറയാൻ (No without aggression) പരിശീലിക്കുക.<br>ഏതൊക്കെ സന്ദർഭങ്ങളിലാണ് No പറയേണ്ടത്?<br>ചർച്ച<br>No പറയേണ്ട സന്ദർഭങ്ങൾ<br>❖ നിങ്ങളുടെ സ്വകാര്യ ഭാഗങ്ങളിൽ തൊടുമ്പോൾ<br>❖ നിങ്ങളുടെ മുന്നിൽ വെച്ച് മറ്റുള്ളവരുടെ സ്വകാര്യ ഭാഗങ്ങൾ അവർ സ്വയം തൊടുമ്പോൾ<br>❖ മറ്റുള്ളവരുടെ സ്വകാര്യഭാഗങ്ങൾ നിങ്ങളെക്കൊണ്ട് തലോടിക്കുമ്പോൾ<br>❖ നിങ്ങളുടെ നഗ്നചിത്രം മൊബൈലിൽ പകർത്തുമ്പോൾ<br>❖ നഗ്നചിത്രങ്ങൾ മറ്റുള്ളവർ നിങ്ങളെ കാണിക്കുമ്പോൾ<br>❖ ഡോക്ടറൊഴിച്ച് മറ്റുള്ളവർ നിങ്ങളെ വസ്ത്രം അഴിച്ചു പരിശോധിക്കുമ്പോൾ<br>പോക്സോ കേസിൽ പരാതി നൽകേണ്ടത് ആർക്കാണ്?<br>❖ സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്<br>❖ ലോക്കൽ പോലീസ്<br>❖ ചൈൽഡ് വെൽഫെയർ കമ്മിറ്റി<br>❖ ടോൾഫ്രീ നമ്പർ 1098<br>❖ സ്റ്റേറ്റ് കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ്.<br>ആശയപടം പൂർത്തിയാക്കൂ...<br>പോക്സോ ആക്ട് 2012<br>18 വയസ്സിന് താഴെയുള്ള ഏതൊരാളെയും കുട്ടിയായി നിയമം പരിഗണിക്കുന്നു<br>കേസുകൾ സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റോ ലോക്കൽ പോലീസോ അന്വേഷിക്കേണ്ടതാണ് | |

| | |
|---|---|
| ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന അവകാശങ്ങൾ ലിംഗ ഭേദമില്ലാതെ നടപ്പാക്കുന്നു.<br>പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുന്നു<br>കേസ് അന്വേഷണവും വിചാരണയും ബാലസൗഹാർദ്ദപരം<br>വിചാരണക്കായി പ്രത്യേക കോടതികൾ<br>കുറ്റകൃത്യങ്ങൾ ഉണ്ടാകാനുള്ള സാഹചര്യം തിരിച്ചറിഞ്ഞ് പ്രതിരോധിക്കാനും അതിൽ നിന്ന് രക്ഷപ്പെടാനുമുള്ള പ്രവർത്തനങ്ങളെക്കുറിച്ച് നമ്മൾ ചർച്ച ചെയ്തല്ലോ.മറ്റു കൂട്ടുകാരെ ബോധവൽക്കരിക്കുന്നതിന് നമുക്കൊരു ലഘുലേഖ തയ്യാറാക്കിയാലോ?<br>ലഘുലേഖ തയ്യാറാക്കൽ<br>ടീച്ചറുടെ സഹായം<br>ക്ലാസിൽ അവതരണം<br>അസംബ്ലിയിൽ പ്രകാശനം<br>പ്രവർത്തനക്കാർഡ് -2 വിതരണം ചെയ്യുന്നു.<br>പൂർത്തിയാക്കൽ<br>തുടർപ്രവർത്തനം<br>'കുട്ടികളുടെ സുരക്ഷയും പോക്സോ നിയമവും 'എന്ന വിഷയത്തിൽ നിയമവിദഗ്ധരുടെ സഹായത്തോടെ ഒരു ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കൂ...<br>ഭരണഘടനയുടെ ധർമങ്ങൾ<br>കുട്ടികളെ 4 ഗ്രൂപ്പാക്കുന്നു<br>ഓരോ ഗ്രൂപ്പിനും ഭരണഘടനയുടെ ആമുഖം അധികാരം വേർതിരിക്കൽ അധികാര വിഭജനം നീതിന്യായ പുനരാവലോകനം എന്നീ കുറിപ്പുകൾ നൽകുന്നു. കുട്ടികൾ അവ ചർച്ച ചെയ്ത് ആശയങ്ങൾ ക്രോഡീകരിച്ച് അവതരിപ്പിക്കുന്നു.<br>ശേഷം പാഠഭാഗത്തെ ആശയവൃക്ഷത്തിൽ നൽകിയിട്ടുള്ള ആശയങ്ങളുടെ സ്ട്രിപ്പ് നൽകുന്നു. തമ്മിൽ താരതമ്യം ചെയ്ത് ചേരുന്നവ കണ്ടെത്തി ക്ലാസ് മുറിയിൽ ക്രമീകരിച്ചിരിക്കുന്ന ചാർട്ടിൽ ഒട്ടിക്കുന്നു.<br>ഭരണഘടനാ ധർമങ്ങൾ പ്രതിഫലിപ്പിക്കുന്ന സന്ദേശങ്ങൾ ഉൾപ്പെടുത്തി റിപ്പബ്ലിക്ക്ദിന റാലിയ്ക്കുള്ള പ്ലക്കാർഡുകൾ തയ്യാറാക്കുക.<br>മാറ്റിയും തിരുത്തിയും മുന്നോട്ട്<br>ചെക്ക് ലിസ്റ്റ്പൂർത്തിയാക്കൽ<br>പ്രവർത്തനക്കാർഡ് -3 വിതരണം ചെയ്യുന്നു.<br>പൂർത്തിയാക്കൽ<br>പ്രധാനപ്പെട്ട ചില ഭരണഘടനാ ഭേദഗതികൾ ഉൾപ്പെടുത്തി ഒരു ടൈം ലൈൻ തയ്യാറാക്കുക.<br>നിയമങ്ങൾ നടപ്പാക്കുമ്പോൾ | |

| | |
|---|---|
| ടി ബി പേജ് 52 ലെ കൊളാഷ് പ്രദർശിപ്പിക്കുന്നു.<br>നിയമങ്ങൾ നടപ്പിലാക്കുമ്പോൾ നേരിടുന്ന വിവിധതരം വെല്ലുവിളികളുടെ കാരണങ്ങൾ എന്തെല്ലാം?<br>ചർച്ച<br>➢ ജനങ്ങളുടെ വ്യത്യസ്തമായ താൽപര്യങ്ങൾ<br>➢ ജനഹിതം പൂർണമായും ഉൾക്കൊള്ളാത്ത നിയമനിർമാണങ്ങൾ<br>➢ നിയമങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ<br>➢ നിയമങ്ങൾ നടപ്പാക്കുന്നതിലെ അനാസ്ഥ<br>➢ നിയമങ്ങൾ ദുർവ്യാഖ്യാനം ചെയ്യൽ<br>തുടർ പ്രവർത്തനങ്ങൾ<br>നിയമങ്ങളുമായി ബന്ധപ്പെട്ട വാർത്താ തലക്കെട്ടുകളും ചിത്രങ്ങളും ശേഖരിച്ച് ഒരു കൊളാഷ് തയ്യാറാക്കൂ...<br>ഇന്ത്യൻ ഭരണഘടനയിലെ ആശയങ്ങളുടെ അടിസ്ഥാനത്തിൽ നിങ്ങളുടെ ക്ലാസിനായി ഒരു ഭരണഘടന തയ്യാറാക്കൂ... | |